# ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A5 - ആത്മരക്ഷ

## പാഠം 1 - ഒരു ഐത്യോപ്യൻ രക്ഷ പ്രാപിച്ചു

**വായനഭാഗം:**
**അപ്പൊ.പ്രവൃത്തികൾ 8:26–36**

**താക്കോൽ വാക്യം:**

**"ഫിലിപ്പൊസ് ഈ തിരുവെഴുത്തു ആധാരമാക്കി അവനോടു യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി ".**
**പ്രവൃത്തികൾ 8 : 35**

**"ആത്മ രക്ഷ"** എന്ന വിഷയത്തെക്കുറിച്ചുള്ള ഈ അവസാന പഠന പരമ്പരയിൽ പുതിയ നിയമ കാലത്ത് രക്ഷ ലഭിച്ച നാല് വ്യക്തികളുടെയൊ വ്യക്തി സമൂഹങ്ങളുടെയോ രക്ഷയുടെ സ്വീകരണത്തെക്കുറിച്ച് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നത് എന്താണെന്ന് ആണ് നമ്മൾ ശ്രദ്ധിക്കാൻ പോകുന്നത്.

ആദ്യത്തേത് ഐത്യോപ്യയിൽ നിന്നുള്ള ഒരാളെക്കുറിച്ചാണ്.

### 1. ഒരു മനുഷ്യൻ

രാജ്ഞിയുടെ വിശ്വസ്തനായ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു ഇദ്ദേഹം എന്ന് *27–ാമത്തെ വാക്യത്തിൽ* നിന്ന് വ്യക്തമാക്കുന്നു. ആരാധനയ്ക്കായി അദ്ദേഹം യെരുശലേമിലേക്ക് (ഏകദേശം 1,000 മൈൽ) യാത്ര ചെയ്തത് ദൈവത്തെ അറിയുന്നതിലൂടെയുള്ള സംതൃപ്തി അവൻ അന്വേഷിക്കുകയായിരുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. അവന്റെ സ്ഥാനവും സമ്പത്തും അവന് യഥാർത്ഥ സമാധാനം നൽകുന്നതിൽ പരാജയപ്പെട്ടു. നമ്മിൽ ഓരോരുത്തർക്കും രക്ഷ ആവശ്യമുള്ളതുപോലെ, കർത്താവായ യേശുവിലൂടെ അവനും രക്ഷ കണ്ടെത്തേണ്ടത് ആവശ്യമാണ് .

### 2. ഒരു കൂടിക്കാഴ്ച

നമ്മുടെ ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും ദൈവത്തിന് നിയന്ത്രണമുണ്ടെന്ന് നമ്മൾ വിശ്വസിക്കുന്നു, അവൻ നമ്മുടെ അനുഗ്രഹത്തിനായി കാര്യങ്ങൾ ക്രമീകരിക്കുന്നു. ഐത്യോപ്യക്കാരന്റെ കാര്യത്തിൽ, ദൈവം തന്റെ ദാസനായ ഫിലിപ്പോസിനെ അവൻ സഞ്ചരിക്കുന്ന വഴിയിലേക്ക് നയിച്ചു. ഐത്യോപ്യൻ ഇതേ സമയത്ത് പഴയനിയമത്തിന്റെ ഒരു ഭാഗം വായിക്കുകയായിരുന്നു. രക്ഷയുടെ വഴിയെക്കുറിച്ച് വളരെ വ്യക്തമായി യെശയ്യാവിന്റെ പ്രവചനത്തിലെ ഒരു ഭാഗം വായിക്കുകയായിരുന്നു, ***യെശയ്യാവ് 53.***

***"അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു" (1 തിമൊഥെയൊസ് 2:4).*** എന്ന് ബൈബിൾ പറയുന്നു. രക്ഷയുടെ മാർഗം വിശദീകരിക്കാൻ കഴിയുന്ന വ്യക്തികളുടെ അടുക്കലേക്ക് ദൈവം പലപ്പോഴും ആളുകളെ കൊണ്ട് വരുന്നു. ഒരുപക്ഷേ, ഇന്ന്, രക്ഷയെക്കുറിച്ചുള്ള ബൈബിൾ സത്യം പങ്കുവെക്കാൻ കഴിയുന്ന ഒരാളെ നിങ്ങൾ കണ്ടുമുട്ടിയേക്കാം!

### 3. ഒരു സന്ദേശം


ഐത്യോപ്യനോടൊപ്പം ഫിലിപ്പോസ് രഥത്തിൽ അവന്റെ അരികിൽ ഇരുന്ന് രക്ഷയുടെ സന്ദേശത്തെക്കുറിച്ച് വിശദീകരിക്കുന്നതിന് അനുയോജ്യമായ ഒരു സാഹചര്യം സങ്കൽപ്പിക്കാൻ പ്രയാസമാണ്. ഇവിടെ ഇതാ മനുഷ്യൻ ആത്മാർത്ഥമായി ദൈവത്തെ അന്വേഷിക്കുകയായിരുന്നു. അതോടൊപ്പം, അവൻ ഇപ്പോൾ വായിച്ചുകൊണ്ടിരുന്ന വാക്കുകൾ രക്ഷകന്റെ കഷ്ടപ്പാടുകളെക്കുറിച്ചും മരണത്തെക്കുറിച്ചും ആയിരുന്നു. അതിനാൽ ഫിലിപ്പോസ് ***"ഈ തിരുവെഴുത്ത് ആധാരമാക്കി യേശുവിനെക്കുറിച്ചുള്ള സുവിശേഷം അവനോട് പറഞ്ഞു"***. ആഫ്രിക്കക്കാരനോട് വിശദീകരിച്ച രക്ഷയുടെ വാർത്ത ബൈബിളധിഷ്ഠിതവും ക്രിസ്തു കേന്ദ്രീകൃതവുമായിരുന്നു.

സുവിശേഷ സന്ദേശം മാറ്റമില്ലാതെ തുടരുന്നുവെന്ന് മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. ബൈബിളിൽ പഠിപ്പിക്കുന്നതുപോലെ, കർത്താവായ യേശുവിന്റെ കഷ്ടപ്പാടുകളുടെയും മരണത്തിൻറെയും പുനരുത്ഥാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് രക്ഷിക്കപ്പെടാൻ കഴിയുകയുള്ളൂ . പ്രവൃത്തികൾ 4:12 വായിക്കുക.

### 4. ഒരു അത്ഭുതം

ഒരു വ്യക്തി തന്റെ പാപത്തെക്കുറിച്ച് ആശങ്കപ്പെടുമ്പോൾ, കർത്താവായ യേശു ഇത് അറിയുകയും അവർക്ക് തന്നെത്തന്നെ വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇതു തന്നെയാണ് ഇവിടെയും സംഭവിച്ചത് ഐത്യോപ്യൻ കർത്താവായ യേശുവിനെ തനിക്കായി കണ്ടുമുട്ടിയ നിമിഷം ഫിലിപ്പോസ് രക്ഷയുടെ മാർഗം വിവരിച്ചു നൽകി. ഐത്യോപ്യൻ സ്നാനത്തെക്കുറിച്ച് ചോദിച്ചതിന്റെ കാരണം, ഫിലിപ്പോസിന്റെ വാക്കുകൾ കേട്ടപ്പോൾ അവൻ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു എന്നതാണ്. തന്റെ ജീവിതത്തിൽ ഇതിനകം സംഭവിച്ച അത്ഭുതം പ്രഖ്യാപിക്കുന്നതിനുള്ള മാർഗമാണ് സ്നാനം എന്ന് അവനറിയാമായിരുന്നു. ***(വാക്യം 38 കാണുക)***

ദൈവകൃപയാൽ രക്ഷിക്കപ്പെടുക എന്നത് തീർച്ചയായും ഒരു അത്ഭുതമാണ്, അതായത് രക്ഷ നമ്മുടെ സ്വന്തം പ്രയത്നത്താൽ നമുക്ക് ലഭിക്കുന്നില്ല. കർത്താവായ യേശുവിൽ ദൈവം നമു***ക്കുവേണ്ടി ചെയ്തതിന്റെ ഫലമായി മാത്രമേ അത് ഉണ്ടാകൂ. അവൻ "സന്തോഷിച്ചും കൊണ്ട് തന്റെ വഴിക്ക് പോയി" (വാക്യം 39)*** എന്ന് നമ്മോട് പറയുന്ന സന്തോഷകരമായ കുറിപ്പിലാണ് കഥ അവസാനിക്കുന്നത്. അവൻ രക്ഷകനെ കണ്ടെത്തി, അവനെ സ്വീകരിക്കുന്നതിൽ, അവന്റെ ഹൃദയത്തിന്റെ അഗാധമായ ആഗ്രഹങ്ങൾ സാധിച്ചതിൽ സന്തോഷവാനായി. നമ്മളോരോരുത്തരും ഒരു ചോദ്യം ചോദിക്കേണ്ടതുണ്ട്: 'എന്റെ വ്യക്തിപരവും ശാശ്വതവുമായ രക്ഷയ്ക്കായി ഞാൻ ഈ രക്ഷകനിൽ മാത്രമാണോ ആശ്രയിക്കുന്നത്?'



ഐത്യോപ്പ്യയിലുള്ള ഒരു സ്ഥലത്തെ പാറയിൽ തീർത്ത പള്ളി
(ഉറവിടം: വിക്കിപീഡിയ)

**ഇത് ആത്മരക്ഷ എന്ന വിഷയത്തിൽ മൂന്നു യൂണിറ്റ് പാഠങ്ങൾ ഉള്ളതിൽ മൂന്നാമത്തേതാണ്**

# A 5-ആത്മരക്ഷ

## പാഠം 2 - ഫിലിപ്പിയിലെ കാരാഗൃഹപ്രമാണി

**വായനഭാഗം:**

**അപ്പൊ.പ്രവൃത്തികൾ 16:19–40**

**താക്കോൽ വാക്യം:**

**"അവരെ പുറത്തു കൊണ്ടുവന്നു: യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നു അവർ പറഞ്ഞു". പ്രവൃത്തികൾ 16:30–31**

തന്റെ പുത്രനിലുള്ള വിശ്വാസത്തിലേക്ക് ആളുകളെ കൊണ്ടുവരുവാൻ ദൈവം വിവിധ മാർഗങ്ങൾ ഉപയോഗിക്കുന്നു. രക്ഷ തേടുന്ന ഒരു ഐത്യോപ്യക്കാരനെ കാണാൻ ദൈവം തന്റെ ദാസനായ ഫിലിപ്പോസിനെ വിജനമായ ഒരു വഴിയിലേക്ക് നയിച്ചതെങ്ങനെയെന്ന് പാഠം1ൽ നമുക്ക് കാണിച്ചുതരുന്നു. കൂടാതെ, ഒരു വ്യക്തിയുടെ രക്ഷയിൽ തിരുവെഴുത്തുകൾക്ക് എങ്ങനെ ഒരു പ്രധാന പങ്ക് വഹിക്കാനാകുമെന്നും നാം കണ്ടു. ഒരു ഭൂകമ്പം പോലെയുള്ള അപ്രതീക്ഷിതവും വിനാശകരവുമായ സംഭവങ്ങൾ നമുക്ക് ദൈവത്തിന്റെ 'ശബ്ദമായി' മാറുകയും നമ്മുടെ രക്ഷയ്ക്ക് കാരണമാവുകയും ചെയ്യും എന്ന വസ്തുതയിലേക്ക് ഈ പഠനം വിരൽ ചൂണ്ടുന്നു. നിങ്ങളെ രക്ഷകന്റെ അടുത്തേക്ക് കൊണ്ടു വരുവാൻ ദൈവം ഉപയോഗിച്ച ആളുകളെയോ സാഹചര്യങ്ങളെയോ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയും!

പിടിക്കപ്പെടുകയും അടിയേൽക്കപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തതിന്റെ അനുഭവം പൗലോസിനും ശീലാസിനും വളരെ വേദനാജനകമാണെന്ന് നമുക്ക് ഉറപ്പാണ് , എന്നിട്ടും അവർ നിരാശരാകാൻ അനുവദിച്ചില്ല. ദൈവത്തിലുള്ള അവരുടെ വിശ്വാസം അചഞ്ചലമായി നിലകൊള്ളുന്നു എന്നത് അവരുടെ പ്രാർത്ഥനയും പാട്ടും സൂചിപ്പിക്കുന്നു. *(വാക്യം 25)* ഇത് അവരെ മുമ്പോട്ട് സംഭവിക്കേണ്ട കാര്യങ്ങൾക്കായി അവരെ ഒരുക്കി ആദ്യം ഭൂകമ്പവും പിന്നെ വല്ലാതെ ഭ്രമിച്ചുപോയ ഒരു കാരാഗൃഹപ്രമാണിയുടെ ഒരു അന്വേഷണവും: ***"രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?"***




ഭൂപടത്തിൽ ഫിലിപ്പിയുടെ സ്ഥാനം ( ഉറവിടം: വിക്കിപീഡിയ )

രക്ഷയെക്കുറിച്ചുള്ള ഈ ചോദ്യം പലപ്പോഴും ചോദിക്കപ്പെട്ടിട്ടുണ്ട്! രക്ഷ പ്രാപിക്കുന്നത് സ്വന്തം പരിശ്രമത്തിന്റെ ഫലമാണെന്ന് പലരും തെറ്റിദ്ധരിച്ചാണ് "ചെയ്യുക" എന്ന വാക്കിന് ഊന്നൽ നൽകിയിട്ടുള്ളത്. ***എഫെസ്യർ 2: 8, 9, തീത്തോസ് 3: 5*** എന്നിവ വീണ്ടും വായിക്കുക. നമ്മൾ ചെയ്യുന്ന കാര്യങ്ങൾക്ക് നമ്മെ രക്ഷിക്കാൻ കഴിയുമെങ്കിൽ, കർത്താവായ യേശു കാൽവരിയിലെ കുരിശിൽ കഷ്ടപ്പെടുകയും മരിക്കുകയും ചെയ്യേണ്ടത് എന്തുകൊണ്ടാണെന്ന് നമുക്ക് ചോദിക്കാം.

***"കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക, എന്നാൽ നീ രക്ഷ പ്രാപിക്കും"*** എന്ന പൗലോസും ശീലാസും നൽകിയ മറുപടി നമുക്ക് യഥാർത്ഥ രക്ഷയുടെ വഴി നൽകുന്നു.



ഫിലിപ്പിയിലെ ഒരു സ്ഥലത്തു പുരാവസ്തു കണ്ടെത്തിയ മൊസൈക്ക് തറയിൽ പൗലോസ് എന്ന് എഴുതിയിരിക്കുന്നു ( ഉറവിടം: വിക്കിപീഡിയ )

ഇതാ ഒരു **സംക്ഷിപ്തമായ ഉത്തരം.** കാരാഗൃഹപ്രമാണിക്ക് വ്യക്തമായ ഒരു ചെറിയ ഉത്തരം ആവശ്യമായിരുന്നു. സുവിശേഷം എല്ലാവർക്കും മനസ്സിലാകണം എന്നാണ് ദൈവം ഉദ്ദേശിക്കുന്നത്, അതിനാൽ സുവിശേഷപ്രസംഗിക്കുമ്പോൾ സന്ദേശം ലളിതമായും വ്യക്തമായും പ്രസ്താവിക്കേണ്ടത് വളരേ പ്രധാന്യം ഉള്ളതാണ് .

ഇതാ ഒരു **ശരിയായ ഉത്തരം.** ഈ ഉത്തരം നമ്മുടെ വ്യക്തിപരമായ രക്ഷയെക്കുറിച്ചുള്ള ബൈബിളിന്റെ മുഴുവൻ സന്ദേശവുമായി പൂർണ്ണമായും യോജിക്കുന്നു. കർത്താവായ യേശുവിലുള്ള വിശ്വാസമാണ് നശിച്ചു പോകുന്ന പാപികളെ സമ്പൂർണ്ണ സുരക്ഷിത സ്ഥാനത്തേക്ക് കൊണ്ടുവരുന്നത്. ***യോഹന്നാൻ 3:16, 36, യോഹന്നാൻ 5:24*** എന്നിവ കാണുക.

ഇതാ ഒരു **ക്രിസ്തു കേന്ദ്രീകൃതമായ ഒരു ഉത്തരം**. രക്ഷ പ്രാപിക്കുവാനായി മറ്റെന്ത് ചെയ്യുവാൻ സാധിക്കും എന്ന ചിന്തയിൽ നിന്നും കാരാഗൃഹ പ്രമാണിയുടെ മനസ്സിനെ മാറ്റുവാൻ ഈ ഉത്തരത്തിന് കഴിഞ്ഞു. പകരം ഇത് മരിക്കുകയും അടക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത ഒരാളിലേക്ക് അദ്ദേഹത്തെ നടത്തി .

ഇതാ ഒരു **ഉപസംഹാരമായ ഉത്തരം.** 'നീ രക്ഷിക്കപ്പെടും.' അനിശ്ചിതത്വത്തിന് ഇടമില്ലാതെ നമ്മുടെ രക്ഷയെക്കുറിച്ച് നാം ഉറപ്പുള്ളവരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു! നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ച രക്ഷകനിൽ ലളിതമായ, വ്യക്തിപരമായ ആശ്രയം അർപ്പിക്കുന്നതിലൂടെ, നിങ്ങൾ രക്ഷിക്കപ്പെടും!

കാരാഗൃഹപ്രമാണിക്ക്, തീർച്ചയായും അവന്റെ മുഴുവൻ വീട്ടുകാർക്കും അത് രക്ഷയുടെ രാത്രിയായിരുന്നു! അവരെല്ലാം '***കർത്താവിന്റെ വചനം***' '***കേട്ടു***' *(വാക്യം 32)* '***വിശ്വസിച്ചു***' *(വാക്യം 34)* '***സ്നാനമേറ്റു***' *(വാക്യം 33)* അവരുടെ ഹൃദയത്തിൽ ഒരു പുതിയ സന്തോഷം നിറഞ്ഞു, അതോടൊപ്പം തങ്ങൾക്ക് ലഭിച്ച അടിയുടെ ഫലമായി വേദനയോടെ കഷ്ടപ്പെടുന്ന പൗലോസിനും ശീലാസിനും നേരെ കരുതലുള്ള ഒരു മനോഭാവം വന്നു.

രക്ഷിക്കപ്പെടുക എന്നത് വ്യക്തിപരവും ആന്തരികവുമായ കാര്യമാണ്, കർത്താവായ യേശുവിൽ വിശ്വസിക്കുന്നതിന്റെ ഫലം എന്നത് നമ്മുടെ സ്വാഭാവത്തിനും പെരുമാറ്റത്തിന്നും മാറ്റമുണ്ടാകുമ്പോഴാണ്. നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും മനോഭാവങ്ങളും നിങ്ങൾ രക്ഷിക്കപ്പെട്ടുവെന്ന് മറ്റുള്ളവരോട് വ്യക്തമാക്കാറുണ്ടോ?

**ഇത് ആത്മരക്ഷ എന്ന വിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ മൂന്നാമത്തേതാണ്.**

# ഉത്തരക്കടലാസ്സ്

## A5-ആത്മരക്ഷ

### പാഠം 1 - ഒരു ഐത്യോപ്യൻ രക്ഷ പ്രാപിച്ചു

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ______

**വിലാസം:** ______

**1. രക്ഷിക്കപ്പെട്ട വ്യക്തിയെ പറ്റി ചെറു വിവരണം നൽകുക.** / 4

താമസിക്കുന്ന രാജ്യം ______

തൊഴിൽ ______

തൊഴിലുടമ ______

യാത്രയ്ക്കുള്ള കാരണം ______

**2. വ്യക്തികൾ എന്ന നിലയിൽ ദൈവത്തിന് നമ്മോടുള്ള താത്പര്യത്തിന്റെ എന്ത് തെളിവാണ് ഈ കഥയിൽ നിന്ന് നമുക്ക് കാണുവാൻ കഴിയുന്നത്?** / 2

______

______

**3. ചുവടെയുള്ള ശരിയായ പ്രസ്താവനയ്ക്ക് അടിവരയിടുക:** / 4

A) ഐത്യോപ്യൻ **യെരുശലേമിലേക്കുള്ള യാത്രയിലായിരുന്നു / വീട്ടിലേക്ക് മടങ്ങുമ്പോൾ**, ഫിലിപ്പോസ് അവനെ കണ്ടുമുട്ടി.

B) ഐത്യോപ്യൻ **ഫിലിപ്പോസിനെ ക്ഷണിച്ചു** / തന്റെ അരികിൽ ഇരിക്കാൻ **ഫിലിപ്പോസിനോട് ആവശ്യപ്പെട്ടില്ല.**

C) ഫിലിപ്പോസ് പ്രവാചകന്റെ വാക്കുകൾ **പഴയ നിയമ ചരിത്രത്തെ പരാമർശിച്ചുകൊണ്ട് / യേശുവിനോടും അവന്റെ മരണത്തോടും ബന്ധപ്പെടുത്തി വിശദീകരിച്ചു.**

D) ആ മനുഷ്യൻ രക്ഷിക്കപ്പെട്ടത് **സ്നാനമേറ്റ് / കർത്താവായ യേശുവിൽ വിശ്വസിച്ച്.**

**4. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

A) എന്താണ് "തിരുവെഴുത്തുകൾ"? ______

B) തിരുവെഴുത്തുകളുടെ ഏത് ഭാഗമാണ് ആ മനുഷ്യൻ വായിച്ചുകൊണ്ടിരുന്നത്? ______

C) യെശയ്യാവിനെ "**പ്രവാചകൻ**" എന്ന് വിളിക്കുന്നത് എന്തുകൊണ്ട്? ***(വാക്യങ്ങൾ 28, 30, 34).***

______

D) യെശയ്യാവ് ആരെക്കുറിച്ചാണ് പ്രവചിച്ചത്? ______

**5. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 3

a) ഐത്യോപ്യൻ യേശുവിൽ വിശ്വസിക്കുന്നുവെന്ന് കാണിക്കാൻ ഏത് രീതിയാണ് സ്വീകരിച്ചത്? ______

b) അവൻ തന്റെ വഴിയിൽ പോയതെങ്ങനെയെന്ന് വിവരിക്കാൻ ബൈബിൾ ഏത് പദം ആണ് ഉപയോഗിച്ചത്? ______

c) ഇതിന് കാരണം എന്താണെന്നാണ് നിങ്ങൾ കരുതുന്നത് ? ______

**6. *പ്രവൃത്തികൾ 4: 12* വായിക്കുക, രക്ഷ കർത്താവായ യേശുക്രിസ്തുവിൽ കൂടെ മാത്രം ആണ് കണ്ടെത്താൻ കഴിയുന്നത് എന്ന് വിശദീകരിക്കുക.** / 1

______

______

**7. *യെശയ്യാവ് 5:3* വായിച്ചശേഷം ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 7

a) യേശു ഒരു കുഞ്ഞാടിനെപ്പോലെയാണെന്ന് ഐത്യോപ്യൻ വായിക്കുന്ന ***യെശയ്യാവ് 53-ാം*** അദ്ധ്യായത്തിലെ വാക്യം ഏതാണെന്ന് എഴുതുക? ______

b) എന്തുകൊണ്ടാണ് അവനെ ഒരു കുഞ്ഞാടിനോട് ഉപമിക്കുന്നത്? ______

c) യേശുവിന്റെ കഷ്ടപ്പാടിന്റെ ഏത് വശമാണ് ആടിനോട് താരതമ്യം ചെയ്യുന്നത്? ______

d) ***4 ഉം 5 ഉം*** വാക്യങ്ങൾ നോക്കുക. നമ്മുടെ പാപത്തിന് കർത്താവായ യേശു സഹിച്ച മറ്റ് മൂന്ന് വഴികൾ കണ്ടെത്തുക. ______

e) കർത്താവായ യേശുവിന്റെ കഷ്ടപ്പാടിന്റെ ഫലമായി നമുക്ക് എന്താണ് ലഭിക്കുന്നത്? ______

**ചിന്തിക്കുക:** യേശുവിനെക്കുറിച്ചുള്ള സുവിശേഷം നിങ്ങളോട് വിശദീകരിച്ച ആരെങ്കിലും ഉണ്ടായിട്ടുണ്ടോ ? ആ വ്യക്തിയെ ഓർത്ത് ദൈവത്തിന് നന്ദി പറയാം. നിങ്ങൾക്ക് മറ്റൊരാളോട് സുവിശേഷം പറയാൻ അവസരം ലഭിച്ചിട്ടുണ്ടോ?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്

## A5-ആത്മരക്ഷ

### പാഠം 2 - ഫിലിപ്പിയിലെ കാരാഗൃഹപ്രമാണി

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ഈ പഠനത്തിലെ ആദ്യ ഖണ്ഡിക വായിച്ച ശേഷം ദൈവം രക്ഷയ്ക്കായി തന്നിലേക്ക് ആളുകളെ ആകർഷിക്കുന്ന മൂന്ന് വഴികൾ വിശദീകരിക്കുക.** / 3

1. ______________________
2. ______________________
3. ______________________

**2. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) പൗലോസിനെയും ശീലാസിനെയും പിടിച്ചത് *19 – ൨൦ വാക്യത്തിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. അവരെ പിടിച്ചതിനും തടവിലാക്കുന്നതിനും ഇടയിൽ അവർക്ക് എന്താണ് സംഭവിച്ചതെന്ന് ഒറ്റ വാക്യത്തിൽ എഴുതുക /3

______________________

b) പൗലോസും ശീലാസും 'ദൈവത്തോട് പ്രാർത്ഥിക്കുകയും സ്തുതിഗീതങ്ങൾ ആലപിക്കുകയും ചെയ്തു' എന്ന വസ്തുത അവരെക്കുറിച്ച് എന്താണ് നമ്മോട് വ്യക്തമാക്കുന്നത്? /2

______________________

**3. ശരിയോ തെറ്റോ** / 5

a) കാരാഗൃഹ വാതിലുകൾ തുറക്കപ്പെട്ടു ________

b) കാരാഗൃഹപ്രമാണി എല്ലാ തടവുകാരെയും രക്ഷപ്പെടാൻ അനുവദിച്ചു. ________

c) ***"നിനക്ക് തന്നെ ദോഷമൊന്നും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെയുണ്ട്"*** എന്ന് ശീലാസ് ഉറക്കെ പറഞ്ഞു. ________

d) പൗലോസും ശീലാസും കാരാഗൃഹ പ്രമാണിയുടെ മുമ്പിൽ വീണു. ________

e) ആ രാത്രിതന്നെ കാരാഗൃഹപ്രമാണിയും കുടുംബവും ക്രിസ്ത്യാനികളായി സ്നാനമേറ്റു ________

**4. "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക" എന്നതിന്റെ അർത്ഥമെന്താണെന്ന് നിങ്ങൾക്ക് കഴിയുന്നത്ര വ്യക്തമായി വിശദീകരിക്കുക.** / 3

______________________

______________________

**5. ഓരോ വാക്യങ്ങൾക്കും യോജിച്ച നിലയിൽ രക്ഷയെക്കുറിച്ചു പഠിപ്പിക്കുന്ന കാര്യങ്ങൾക്ക് നേരെ ഒരു വര വരക്കുക** / 3

| | |
|---|---|
| *തീത്തോസ് 3:5* | കർത്താവായ യേശുവിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് |
| *എഫെസ്യർ 2:8* | രക്ഷ നമ്മുടെ പ്രവൃത്തികളുടെ ഫലമല്ല. |
| *യോഹന്നാൻ 3:36* | രക്ഷ ദൈവത്തിന്റെ ദാനമാണ്. |

**6. "രക്ഷിക്കുന്നത് വിശ്വാസം മാത്രമാണ്, എന്നാൽ രക്ഷിക്കുന്ന വിശ്വാസം ഒരിക്കലും ഒറ്റയ്ക്കല്ല." കാരാഗൃഹപ്രമാണിയുടെ വിശ്വാസം അവന്റെ പ്രവൃത്തികളിൽ എങ്ങനെ പ്രകടമായി എന്ന് വിശദീകരിക്കുക.** /2

______________________

______________________

**7. ദൈവത്തിന്റെ രക്ഷ സ്വീകരിക്കുന്നത് വളരെ വ്യക്തിപരമായ കാര്യമാണ് എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ് ?** / 2

______________________

______________________

**8. ഈ പഠനത്തിൽ കാരാഗൃഹപ്രമാണിയും *(വാക്യം 34)* മുമ്പത്തെ പഠനത്തിൽ ഐത്യോപ്യനും *(പ്രവൃത്തികൾ 8:39)* അനുഭവിച്ച സന്തോഷത്തിന് നിങ്ങൾക്ക് എന്ത് വിശദീകരണമാണ് നൽകാൻ കഴിയുക ?** / 2

______________________

______________________

**ചിന്തിക്കുക:** ഒരു ക്രിസ്ത്യാനിയായി തീർന്നതിന്റെ ഫലമായി നിങ്ങൾ സന്തോഷം അനുഭവിച്ചിട്ടുണ്ടോ, രക്ഷയ്ക്കായി ക്രിസ്തുവിന്റെ അടുക്കൽ വന്നതിന് ശേഷമുള്ള നിങ്ങളുടെ ദൈനംദിന അനുഭവത്തിൽ ഈ സന്തോഷം മറ്റൊരാളോട് എങ്ങനെ വിശദീകരിക്കും?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A5-ആത്മരക്ഷ

### പാഠം 3 - ഓടിപ്പോയ അടിമ രക്ഷിക്കപ്പെട്ടു

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ഈ ചോദ്യങ്ങൾക്ക് ചുരുക്കമായി ഉത്തരങ്ങൾ എഴുതുക:** / 4

A) ഒനേസിമോസിന്റെ യജമാനൻ ആരായിരുന്നു? ______

B) ഏത് നഗരത്തിലാണ് അദ്ദേഹം താമസിച്ചിരുന്നത്? ______

C) തന്റെ യജമാനനെ വിട്ടിട്ട് ഒനേസിമോസ് എവിടെയാണ് പോയത് ? ______

D) അവൻ അവിടെ ആരെയാണ് കണ്ടുമുട്ടിയത്? ______

**2. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 3

A) "ഒനേസിമോസ്" എന്ന പേരിന്റെ അർത്ഥമെന്താണ്? ______

B) എപ്രകാരമാണ് അദ്ദേഹം തന്റെ പേരിന്റെ അർത്ഥത്തിന് ഒത്തവണ്ണം പ്രവർത്തിക്കാത്തത്?

______

C) അവൻ രക്ഷിക്കപ്പെട്ടതിനുശേഷം ഇത് എങ്ങനെ മാറി? ______

**3. നാം രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള നമ്മുടെ ആത്മീയ അവസ്ഥയെ ഒനേസിമോസ് ഏതു വിധങ്ങളിൽ ചിത്രീകരിക്കുന്നു?** / 2

______

______

**4. റോമിലെ ജയിലിൽ വെച്ച് പൗലോസ് ഒനേസിമോസിനോട് സുവിശേഷത്തെക്കുറിച്ച് സംസാരിക്കുന്നത് സങ്കൽപ്പിക്കുക. പൗലോസ് അവനോട് എന്ത് പറയുമെന്നാണ് നിങ്ങൾ കരുതുന്നത്?** / 2

______

______

**5. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 5

A) നാം രക്ഷിക്കപ്പെടുമ്പോൾ, നാം ***"ഒരു പുതിയ സൃഷ്ടി"*** ആയിത്തീരുമെന്ന് ബൈബിൾ പറയുന്നു. ***2 കൊരിന്ത്യർ*** *5: 17* നോക്കുക. ഒനേസിമോസിന്റെ കാര്യത്തിൽ ഇത് എപ്രകാരമാണ് ശരിയായിരിക്കുന്നത്? ______

______

B) നാം രക്ഷിക്കപ്പെടുമ്പോൾ, നാം "ദൈവത്തിന്റെ കുടുംബ"ത്തിലെ അംഗങ്ങളായിത്തീരുകയും മറ്റ് ക്രിസ്ത്യാനികളുമായി പുതിയ ബന്ധത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഈ വാക്യങ്ങളിൽ ഒനേസിമോസുമായുള്ള തന്റെ ബന്ധത്തെ വിവരിക്കാൻ പൗലോസ് ഉപയോഗിക്കുന്ന വാക്കുകൾ എഴുതുക:

***ഫിലേമോൻ വാക്യം 10*** ______

***ഫിലേമോൻ വാക്യം 16*** ______

***കൊലൊസ്സ്യർ 4: 9*** ______

**6. *ഫിലേമോൻ 4– 7 വരെയുള്ള വാക്യങ്ങൾ വീണ്ടും വായിക്കുക:*** / 6

A) ഫിലേമോനെതിരെ ദൈവത്തിനു നന്ദി പറയാൻ പൗലോസിന് എന്തെല്ലാം കാരണങ്ങളുണ്ട്? ______

______

B) ഫിലേമോൻ ആരോടാണ് സ്നേഹം പ്രകടിപ്പിക്കുന്നത്? ______

______

C) ഫിലേമോൻ പൗലോസിന് സന്തോഷം നൽകുന്നത് എങ്ങനെ? ______

______

**7. താക്കോൽ വാക്യം വീണ്ടും വായിക്കുക. ഭാവിയിൽ ഫിലേമോന് ഒനേസിമോസിനോടുള്ള ബന്ധത്തെക്കുറിച്ച് എന്താണ് അർത്ഥമാക്കുന്നത് എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.** /3

______

______

**ചിന്തിക്കുക:** എന്റെ ജീവിതത്തിൽ ഞാൻ ക്ഷമിക്കേണ്ട ആരെങ്കിലും ഉണ്ടോ?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്

## A5-ആത്മരക്ഷ

### പാഠം 4 - എഫെസൊസിലുള്ള ക്രിസ്ത്യാനികൾ

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. ***പ്രവൃത്തികൾ 19: 17– 20* ഉപയോഗിച്ച്, എഫെസൊസ് നഗരത്തിൽ സുവിശേഷം എങ്ങനെ പുരോഗതി പ്രാപിച്ചുവെന്ന് കാണിക്കാൻ ഒരു വാചകം എഴുതുക.** / 2

2. ***എഫെസ്യർ 2: 13* വായിക്കുക, 'അകൃത്യങ്ങളിലും പാപങ്ങളിലും മരിച്ചവരുടെ' മൂന്ന് സവിശേഷതകൾ എഴുതുക** / 3

3. ***എഫെസ്യർ 2: 47* വായിക്കുക:** /4

   a) നമ്മുടെ പാപത്തിൽ നിന്ന് നമ്മെ രക്ഷിക്കാൻ ദൈവം എന്താണ് ചെയ്തതെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

   b) ദൈവത്തിന്റെ സ്വഭാവത്തെ വിവരിക്കുന്ന ചില വാക്കുകൾ രേഖപ്പെടുത്തുക .

4. **ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** /4

   a) *എഫെസ്യർ 2: 8* വായിച്ച് നമുക്ക് രക്ഷിക്കപ്പെടാൻ ***'കൃപയാൽ'*** മാത്രം കഴിയുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കുക. ('കൃപ' എന്നത് 'അർഹതയില്ലാത്ത ദാനം' ആണെന്ന് ഓർക്കുക)

   b) ***'ആരും പ്രശംസിക്കാതിരിക്കേണ്ടതിന് പ്രവൃത്തികളും കാരണമല്ല'*** എന്ന് എഴുതിയതുകൊണ്ടു പൗലോസ് എന്താണ് ഉദ്ദേശിച്ചത്? *(എഫേസ്യർ 2:9)*

5. **'രക്ഷയ്ക്ക് ദൈവത്തിന് വലിയ വില നൽകി ' എന്ന് ഒരാളും 'രക്ഷ തികച്ചും ഒരു ദാനമാണ് ' എന്ന് മറ്റൊരാളും പറഞ്ഞു എന്ന് വിചാരിക്കുക. ഈ രണ്ട് പ്രസ്താവനകളും എങ്ങനെ സത്യമാണെന്ന് തെളിയിക്കാം.** /2

6. **രക്ഷയ്ക്ക് മുമ്പും ശേഷവും നമ്മുടെ ആത്മീയ അവസ്ഥയെ താരതമ്യം ചെയ്യുന്ന എഫെസ്യർ 2ൽ നിന്നുള്ള ഒരു ചെറിയ വാചകം ഉപയോഗിച്ച് ചുവടെയുള്ള ഭാഗം പൂരിപ്പിക്കുക.** / 10

| **രക്ഷയ്ക്ക് മുമ്പ്** | | **രക്ഷയ്ക്ക് ശേഷം** | |
|---|---|---|---|
| *വാക്യം 1* ______ | മരിച്ച | *വാക്യം 5* ______ | ജീവിപ്പിക്കുകയും |
| *വാക്യം 3* ______ | മക്കൾ | *വാക്യം 7* ______ | ഇരുത്തുകയും |
| *വാക്യം 12* ______ | കൂടാതെയുള്ളവർ | *വാക്യം 18* ______ | പ്രവേശനം |
| *വാക്യം 12* ______ | പ്രത്യാശയില്ലാത്തവർ | *വാക്യം 10* ______ | സൃഷ്ടിക്കപ്പെട്ടവർ |
| *വാക്യം 13* ______ | ദൂരസ്ഥരായിരുന്ന | *വാക്യം 13* ______ | സമീപസ്ഥരായി |
| *വാക്യം 19* ______ | അന്യന്മാർ | *വാക്യം 19* ______ | സഹപൗരന്മാർ |

**ചിന്തിക്കുക:** ചോദ്യം 6ൽ ലിസ്റ്റു ചെയ്തിരിക്കുന്ന വൈരുദ്ധ്യങ്ങളെക്കുറിച്ച് ധ്യാനിക്കാൻ സമയം ചെലവഴിക്കുക. രക്ഷ നമുക്ക് നൽകുന്ന ഈ അനുഗ്രഹങ്ങൾക്കെല്ലാം നന്ദി പറയുക.

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

© Bible Educational Services | Visit : www.besweb.com | 9/2022

# ബൈബിൾ ടൈം
## സമഗ്ര പഠനം

bible educational services

# A5-ആത്മരക്ഷ

## പാഠം 3 - ഓടിപ്പോയ അടിമ രക്ഷിക്കപ്പെട്ടു

**വായനഭാഗം:**

**ഫിലെമോൻ: 1: 25**

**താക്കോൽ വാക്യം:**

**"നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ" എഫെസ്യർ 4:32**

പുതിയ നിയമത്തിലെ അത്ര അറിയപ്പെടാത്ത ആളുകളിൽ ഒരാളാണ് ഒനേസിമോസ്. അദ്ദേഹത്തെക്കുറിച്ച് നമുക്കറിയാവുന്ന മിക്കവാറും എല്ലാ കാര്യങ്ങളും പൗലോസിന്റെ ഫിലേമോന് എഴുതിയ ലേഖനത്തിൽ കാണാം:

A. കൊലോസ്യയിലുള്ളതും വളരെ നന്മ പ്രവൃത്തികൾ ചെയ്യുന്നതുമായ ഫിലെമോൻ എന്ന് പേരുള്ള ഒരു നല്ല ക്രിസ്ത്യാനിയുടെ അടിമയാണ് ഒനേസിമോസ്. *(വാക്യം 16)* (ഭൂപടം കാണുക)

B. ഒനേസിമോസ്, തന്റെ യജമാനന്റെ നേരെ എന്തോ അന്യായം ചെയ്തു. ഒരുപക്ഷേ എന്തെങ്കിലും മോഷ്ടിച്ചിട്ടുണ്ടാകാം. ***(വാക്യങ്ങൾ 18, 19 കാണുക)*** 'ഒനെസിമോസ്' എന്നാൽ 'ഉപകാരമുള്ളവൻ' അല്ലെങ്കിൽ 'ലാഭം' ഉണ്ടാക്കുന്നവൻ എന്നാണ് അർത്ഥമാക്കുന്നത്, എന്നാൽ ഇപ്പോൾ തന്റെ പേരിന്റെ അർത്ഥത്തിനൊത്തു ജീവിക്കുന്നതിൽ പരാജയപ്പെടുകയായിരുന്നു. 11-ാം വാക്യത്തിൽ പൗലോസ് ഇത് കുറിക്കുന്നു!

C . തെറ്റ് ചെയ്യുന്ന പലരെയും പോലെ, ഒനേസിമോസും ഓടിപ്പോയി, ഒരുപക്ഷേ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാമെന്ന പ്രതീക്ഷയിൽ ഓടിപ്പോയതാവാം .താൻ റോം വരെ എത്തിച്ചേർന്നുവെന്നാണ് ലഭ്യമായ തെളിവുകൾ സൂചിപ്പിക്കുന്നത് . അവൻ എങ്ങനെ യാത്ര ചെയ്തു, എത്ര ദൈർഘ്യമേറിയ യാത്ര, അല്ലെങ്കിൽ വഴിയിൽ എന്ത് അനുഭവങ്ങൾ എന്നിവയെക്കുറിച്ച് നമുക്ക് ഒരു വിവരവുമില്ല. എന്നിരുന്നാലും, ലോകത്തിലെ ഈ മഹത്തായ നഗരത്തിൽ, മറ്റെല്ലാറ്റിനുമുപരിയായി, ദൈവത്തിന്റെ രക്ഷിക്കുന്ന കൃപ ആവശ്യമുള്ള, ഒരു ചെറുപ്പക്കാരനെ നമുക്ക് കാണാൻ കഴിയും. പല തരത്തിൽ, അവൻ നമ്മുടെ ഓരോരുത്തരുടെയും ഒരു 'ചിത്രം' ആണ്, കാരണം നാമെല്ലാവരും ദൈവത്തിനെതിരെ പാപം ചെയ്യുകയും നമ്മുടെ പാപങ്ങൾ നമ്മെ അവനിൽ നിന്ന് അകറ്റുകയും ചെയ്തു; അതുകൊണ്ട് നമുക്കും രക്ഷ ആവശ്യമാണ്.




കിഴക്കൻ മെഡിറ്ററേനിയൻ ഭൂപടം

D. ഒനേസിമോസ് റോമിൽ എത്തിയ സമയത്ത്, പൗലോസ് അവിടെ തടവുകാരനായി തടവിൽ കഴിയുകയായിരുന്നു. പൗലോസ് എന്തെങ്കിലും കുറ്റകൃത്യങ്ങൾ ചെയ്തതു കൊണ്ടല്ല; കർത്താവായ യേശുവിനോടുള്ള വിശ്വസ്തതയും ദൈവം അവനെ ഏൽപ്പിച്ച ദൗത്യവും നിമിത്തമായിരുന്നു താൻ തടവിലാക്കപ്പെട്ടത്. ദൈവപരിപാലനയിൽ, പൗലോസും ഒനേസിമോസും തടവിൽ വെച്ച് കണ്ടുമുട്ടി., ഈ ഓടിപ്പോയ അടിമയോട് സുവിശേഷത്തെക്കുറിച്ചും തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കേണ്ടതിന്റെയും രക്ഷകനിൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിക്കാനുള്ള അവസരങ്ങളൊന്നും പൗലോസ് നഷ്ടപ്പെടുത്തിയില്ലെന്ന് നമുക്ക് ഉറപ്പാണ്. അതാണ് സംഭവിച്ചത്!



യജമാനനെ വിട്ട് ഓടിപ്പോയ അടിമയായിരുന്നു ഒനേസിമോസ്

E. പൗലോസ് ഒനേസിമോസിനോട് സംസാരിച്ചതിന്റെ ഫലമായി അവൻ രക്ഷിക്കപ്പെട്ടു. ഒരു ശിശുവിന്റെ ജനനം പോലെയാണ് തന്റെ രക്ഷയെക്കുറിച്ചു പൗലോസ് പരാമർശിക്കുന്നത്. *(വാക്യം 10)* ആത്മീയമായ നിലയിൽ പൗലോസ് ഒനേസിമോസിന്റെ ***'പിതാവായും'*** അവനെ പൗലോസ് ***'എന്റെ മകൻ'*** എന്ന വിശേഷണവും നൽകുന്നു.

F. ഒനേസിമോസ് വളരെ പെട്ടെന്ന് തന്നെ ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ തന്റെ പുതിയ ജീവിതം ആരംഭിച്ചു. മുമ്പുണ്ടായിരുന്ന പാപപങ്കിലമായ ജീവിതരീതി വളരെ പെട്ടെന്ന് മാറ്റം സംഭവിച്ചു. ഇപ്പോൾ അവന്റെ പേരിന്റെ അർത്ഥത്തോട് യോജിക്കുന്നു. അവൻ 'ഒരു പുതിയ മനുഷ്യൻ' ആയിതീർന്നു. ***(ഇപ്പോൾ പ്രയോജനമുള്ളവൻ) 11-ാം വാക്യം കാണുക)*** ഒനേസിമോസ്, താൻ അന്യായം ചെയ്ത തന്റെ ഉടമയുടെ അടുത്തേക്ക് മടങ്ങി പോകണമെന്നതാണ് ഏറ്റവും ശരിയായ കാര്യം എന്ന് പൗലോസ് വിശ്വസിച്ചു. അപ്രകാരം ഒരു വിശദീകരണമെന്ന നിലയിലാണ് പൗലോസ് ഈ ചെറിയ കത്ത് എഴുതിയത്. ഒനേസിമോസിനെ തിരികെ സ്വീകരിക്കണം എന്ന് ഇതിൽ ഫിലേമോനോട് അഭ്യർത്ഥിക്കുന്നുണ്ട് ***'അവൻ ഇനി ദാസനല്ല, ദാസന്നു മീതെ പ്രിയസഹോദരൻ തന്നേ; അവൻ വിശേഷാൽ എനിക്കു പ്രിയൻ എങ്കിൽ നിനക്കു ജഡസംബന്ധമായും കർത്തൃസംബന്ധമായും എത്ര അധികം?'*** *(വാക്യം 16)* ഒനേസിമോസ് ഇനിയും കൊടുത്തു വീട്ടുവാൻ എന്തെങ്കിലും കടം ഉണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പൗലോസ് ഔദാര്യമായി ഏറ്റെടുക്കുന്നു. *(വാക്യം 18)*

ഒനേസിമോസിന്റെ കഥ നമുക്ക് രണ്ട് പ്രധാന കാര്യങ്ങൾ എടുത്തു കാണിക്കുന്നു .

1. ഏറ്റവും മോശമായ പാപികളെപ്പോലും ദൈവത്തിന് രക്ഷിക്കാൻ കഴിയും. എത്ര പാപികളും ദുഷ്ടന്മാരും ആയാലും, അവർ മാനസാന്തരപ്പെട്ട് രക്ഷകനിലേക്ക് തിരിയുകയാണെങ്കിൽ, അവർ രക്ഷിക്കപ്പെടും. ***(1 തിമൊഥെയൊസ് 1:15 വായിക്കുക)***

***2. നാം രക്ഷിക്കപ്പെടുമ്പോൾ, നമ്മുടെ ജീവിതം മാറുന്നു. കള്ളൻ 'വിശ്വസ്തനും പ്രിയപ്പെട്ട സഹോദരനും'*** ആയിതീർന്നു. *(കൊലൊസ്യർ 4:9)* ദൈവവചനം നമ്മെ നയിക്കാൻ അനുവദിക്കുകയാണെങ്കിൽ, ക്രമേണ നമ്മുടെ പെരുമാറ്റം നമ്മെ സംബന്ധിച്ച അവന്റെ ഹിതത്തിനു അനുരൂപമായി വരുന്നു. 'രക്ഷ' നമ്മുടെ പാപങ്ങൾ അർഹിക്കുന്ന ശിക്ഷയിൽ നിന്ന് നമ്മെ രക്ഷിക്കുക മാത്രമല്ല, നമുക്ക് ചുറ്റുമുള്ളതും നമ്മുടെ ഉള്ളിലുള്ളതുമായ തിന്മയിൽ നിന്ന് നമ്മെ സംരക്ഷിക്കുകയും ചെയ്യുന്നു.

**ഇത് ആത്മരക്ഷ എന്നവിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ മൂന്നാമത്തേതാണ്.**

# ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

## A5-ആത്മരക്ഷ

### പാഠം 4 - എഫെസോസിലുള്ള ക്രിസ്ത്യാനികൾ

വായനഭാഗം:

**എഫെസ്യർ 2 :1–22**

താക്കോൽ വാക്യം:

**"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" എഫെസ്യർ 2 :8–9**

ഈ അന്തിമ പഠനത്തിൽ, ദൈവകൃപയാൽ രക്ഷിക്കപ്പെട്ട ഒരു കൂട്ടം ആളുകളിലേക്ക് നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പൗലോസും മറ്റ് മിഷനറിമാരും സുവിശേഷം കൊണ്ടുവന്ന ഒരു വലിയ വിജാതീയ നഗരമായ എഫെസൊസിലെ പൗരന്മാരായിരുന്നു ഇവർ. (പഠനം 3 ഭൂപടം കാണുക) പലരും തങ്ങളുടെ ദുഷ്പ്രവൃത്തികളിൽ നിന്ന് തിരിഞ്ഞ് കർത്താവായ യേശുവിൽ വിശ്വസിക്കുന്നു എന്നതായിരുന്നു ഫലം. *(പ്രവൃത്തികൾ 19: 17– 20 കാണുക)*

കുറച്ച് വർഷങ്ങൾക്ക് ശേഷം, പൗലോസ് അവർക്ക് ഒരു കത്തെഴുതി. നമ്മൾ അതിനെ 'പൗലോസ് എഫെസ്യർക്ക് എഴുതിയ ലേഖനം' എന്ന് വിളിക്കുന്നു. അതിൽ, കർത്താവായ യേശുവിൽ അവർ കണ്ടെത്തിയ രക്ഷയെക്കുറിച്ചുള്ള പല കാര്യങ്ങളും പൗലോസ് വിശദീകരിക്കുന്നുണ്ട്.

***എഫെസ്യർ 2 – ാം*** അദ്ധ്യായത്തിൽ, പൗലോസ് അവരെ ഓർമ്മിപ്പിച്ചുകൊണ്ട് ആരംഭിക്കുന്നു: സുവിശേഷം അവരുടെ അടുക്കൽ എത്തുന്നതിനു ***മുമ്പ് ഉള്ള അവരുടെ അവസ്ഥയെക്കുറിച്ചാണ്.*** അവരുടെ യഥാർത്ഥവും രക്ഷിക്കപ്പെടുന്നതിന് മുമ്പുള്ള അവസ്ഥയെ വിവരിക്കുന്ന നിരവധി ***വാക്കുകളും ശൈലികളും 2 – ാം അദ്ധ്യായത്തിൽ ഉണ്ട്.*** ഉദാഹരണത്തിന്, അവർ ***"അകൃത്യങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്നു"*** *(വാക്യം 1);* ***അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ചു നടന്നു (വാക്യം 2);*** അക്കാലത്തു ***നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽപൌരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ (വാക്യം 12)*** നമ്മെപ്പോലെ അവരും രക്ഷിക്കപ്പെടേണ്ടവരായിരുന്നുവെന്ന് ഈ പ്രസ്താവനകൾ വളരെ വ്യക്തമാക്കുന്നു.

പൗലോസ് അവർക്കുണ്ടായ മാറ്റത്തെക്കുറിച്ചു വിശദീകരിക്കുന്നത് നമുക്ക് കാണുവാൻ കഴിയും .അവർ മുമ്പുണ്ടായിരുന്നതും ഇപ്പോഴുള്ളതുമായ അവസ്ഥയെ ഒരു ആത്മീയ കാഴ്ചപ്പാടിൽ വ്യത്യാസപ്പെട്ടിരിക്കുന്നു .

ഇനിപ്പറയുന്നവ ശ്രദ്ധിക്കുക:

* അവർ ഒരിക്കൽ ***'മരിച്ചവരായിരുന്നു'***, എന്നാൽ ഇപ്പോൾ ***'ജീവൻ പ്രാപിച്ചിരിക്കുന്നു'. വാക്യം 5*** കാണുക. .
* അവർ ഒരിക്കൽ ***'ദൂരെ'*** ആയിരുന്നു, എന്നാൽ ഇപ്പോൾ ***'സമീപസ്ഥരായിരിക്കുന്നു'. വാക്യം 13*** കാണുക.
* അവർ ഒരുകാലത്ത് ***'അന്യർ'*** ആയിരുന്നു, എന്നാൽ ഇപ്പോൾ ***'വിശുദ്ധന്മാരുടെ സഹ പൌരൻമാരാണ്'. വാക്യം 19*** കാണുക.



പൗലോസിന്റെ കാലത്തെ എഫെസോസിലെ ഒരു ലൈബ്രറി കെട്ടിടം (ഉറവിടം: വിക്കിപീഡിയ)

കർത്താവായ യേശുവിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ആളുകൾ സുവിശേഷത്തോട് പ്രതികരിക്കുമ്പോൾ സംഭവിക്കുന്ന ചില വലിയ മാറ്റങ്ങളെ ആണ് ഈ പ്രസ്താവനകൾ എടുത്തുകാണിക്കുന്നത് .

പൗലോസ് തന്റെ ലേഖനത്തിൽ ഊന്നിപ്പറയുന്ന മറ്റൊരു കാര്യമാണ്: അവരുടെ ***രക്ഷയുടെ വില***. ഒരു ക്രിസ്ത്യാനിയാകുക എന്നത് നമുക്ക് വില കൊടുക്കേണ്ട കാര്യം തന്നെയാണ്, അതായത് പാപപൂർണമായ പ്രവൃത്തികൾ ഉപേക്ഷിക്കണം. കർത്താവായ യേശുവിനോടുള്ള നമ്മുടെ പ്രതിബദ്ധത നിമിത്തം സുഹൃത്തുക്കളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും വിമർശനങ്ങൾ നേരിടേണ്ടി വരുന്നതിനും നമുക്ക് വില കൊടുക്കേണ്ടി വരും.. എന്നിരുന്നാലും, ***നാം നൽകുന്ന വിലയെക്കുറിച്ചല്ല*** ഈ ലേഖനത്തിൽ പൗലോസ് പറഞ്ഞിരിക്കുന്നതു, മറിച്ച് ***ദൈവം തന്നെത്താൻ കൊടുത്ത വിലയെക്കുറിച്ചാണ്.*** നമുക്ക് രക്ഷ ലഭ്യമാക്കാൻ ദൈവം എത്രത്തോളം വില നൽകി?

രണ്ട് വാക്യങ്ങളിലായി ഉത്തരം കാണാം:

* ***'ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു.'*** *(2:13* കാണുക)
* ***'ക്രൂശിന്മേൽ'*** (കാണുക *2: 16*) രക്ഷയുടെ വിലയെന്നത് നമ്മുടെ പാപത്തിന്നായി കാൽവറിയിൽ യാഗമായി തീർന്ന യേശു കർത്താവിന്റെ മരണമാണ്. ആവശ്യമുള്ളതെല്ലാം അവൻ കൊടുത്തു വീട്ടിയതുകൊണ്ട് രക്ഷ നമുക്ക് സൗജന്യമായി ലഭിക്കുന്നു. ***(റോമർ 6:23*** വായിക്കുക)

അവസാനമായി പൗലോസ് അവർക്ക് ഇങ്ങനെ എഴുതുന്നു: അവർക്ക് പ്രതീക്ഷിക്കാവുന്ന ***പൂർത്തീകരണത്തെക്കുറിച്ചാണ്*** എഴുതിയിരിക്കുന്നത്. 'രക്ഷ' എന്നത് ഒരു മുൻകാല അനുഭവമാണ് (അവർ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കപ്പെട്ടു), ഇത് ഒരു വർത്തമാനകാല അനുഭവമാണ് (അവർ പിശാചിന്റെ ദിനംതോറുമുള്ള സ്വാധീനത്തിൽ നിന്ന് രക്ഷിക്കപ്പെടുന്നു); ഇത് ഒരു ഭാവി അനുഭവം കൂടിയാണ് (അവർ ദൈവത്തിന്റെ ന്യായവിധിയിൽ നിന്ന് രക്ഷിക്കപ്പെടും). അതുകൊണ്ട്, ***'വരും കാലങ്ങളിലേക്ക്'*** *(2: 7)* ചിന്തിക്കാൻ പൗലോസ് അവരുടെ മനസ്സിനെ മുന്നോട്ട് നയിക്കുന്നു, അപ്പോൾ ***'ദൈവം തന്റെ കൃപയുടെ അളവറ്റ സമ്പത്ത്, അവരോടുള്ള ദയയിൽ, ക്രിസ്തുയേശുവിൽ കാണിക്കും'. (യോഹന്നാൻ 3:36; യോഹന്നാൻ 17:3)*** വലിയ പ്രധാന്യമുള്ളതാണ് ദൈവം നമുക്കായി നൽകിയിരിക്കുന്ന നിത്യജീവൻ തിരഞ്ഞെടുക്കുന്നത്.

**ഇത് ആത്മരക്ഷ എന്നവിഷയത്തിൽ മൂന്നു യൂണിറ്റു പാഠങ്ങൾ ഉള്ളതിൽ മൂന്നാമത്തേതാണ്.**

© Bible Educational Services | Visit : www.besweb.com | 09/2022